II ഇ.ബി. XIII-കേരള നിയമസഭ/XII-13

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ഡിസംബർ 18, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

31 (*391) ഹയർ സെക്കന്ററി മേഖലയിൽ അനുവദിച്ച സ്കൂളുകളും ബാച്ചുകളും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) നൽകിയ മറുപടിയിൽ, പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധികബാച്ചുകളും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായ ആറംഗസമിതി സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ 2014-15 അധ്യായന വർഷത്തിൽ 417 ബാച്ചുകൾക്കും ജനപ്രതിനിധികളുടെയും പ്രദേശവാസികളുടെയും അഭ്യർത്ഥനകളുടെയും പ്രാദേശിക ആവശ്യകതകളുടെയും അടിസ്ഥാനത്തിൽ മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശ പ്രകാരം 283 ബാച്ചുകൾക്കും താൽക്കാലിക

പ്രവർത്തനാനുമതി നൽകി ഉത്തരവായിട്ടുണ്ടെന്നും ഇതുസംബന്ധിച്ച ഹൈക്കോടതി ഉത്തരവിനെതിരെ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇക്കൊല്ലത്തെ പ്ലസ് വൺ പ്രവേശന പ്രക്രിയ പൂർത്തിയായപ്പോൾ സർക്കാർ മേഖലയിൽ 2102-ഉം എയ്ഡഡ് മേഖലയിൽ 1308-ഉം അൺ എയ്ഡഡ് മേഖലയിൽ 28242-ഉം സീറ്റുകൾ ഉൾപ്പെടെ സംസ്ഥാനത്തൊട്ടാകെ 31652 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ മലബാർ മേഖലയിൽ നിലനിൽക്കുന്ന അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പുതുതായി അനുവദിക്കപ്പെട്ട ഹയർ സെക്കന്ററി സ്കൂളുകളിൽ ഏഴ് എണ്ണത്തിൽ മാത്രമാണ് 40 കുട്ടികളിൽ താഴെ അംഗസംഖ്യയുള്ളത്. ഹയർ സെക്കന്ററി സ്കൂളുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ കുറവ് പരിഹരിക്കുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടി ഏകജാലക സംവിധാനത്തിലെ പോരായ്മകൾ ചർച്ച ചെയ്യുന്നതാണെന്നും ഈ മേഖലയിൽ ഭാഷാന്യൂനപക്ഷ വിഭാഗങ്ങൾക്കായി അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ പ്രത്യേക ബാച്ചുകൾ അനുവദിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

32 (*392) <u>ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവാര മികവ്</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അധ്യാപകരുടെയും ഗുണനിലവാരം വിലയിരുത്തുന്നതിനായി പ്രൊഫ. ജ്ഞാനം കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളാ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. സംസ്ഥാനത്തെ ബിരുദ വിദ്യാഭ്യാസം പുന:സംഘടിപ്പിച്ച് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനവും ഗ്രേഡിംഗും നടപ്പിലാക്കി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ക്ലസ്റ്റർ കോളേജുകൾ ആരംഭിക്കുകയും പ്രമുഖ പണ്ഡിതരെയുൾപ്പെടുത്തി സംസ്ഥാനത്തെ സർവ്വകലാശാലകളിൽ എറുഡേറ്റ് പ്രോഗ്രാം നടപ്പിലാക്കി വരികയും ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി നടപ്പാക്കുന്നതിനായി ഓരോ വർഷവും ആയിരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി സ്കോളർഷിപ്പ് ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്. സ്വയംഭരണ പദവി നൽകുന്നതിനായി ശുപാർശ ചെയ്ത 13 കോളേജുകളിൽ 10 എണ്ണത്തിന് നൽകിക്കൊണ്ട് യു.ജി.സി. ഉത്തരവായിട്ടുണ്ട്. ആട്ടോമേഷൻ ടെക്നോളജിയിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ മികവിന്റെ

കേന്ദ്രമാക്കുക, തിരുവനന്തപുരം ബാർട്ടൺഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ട്രാൻസിലേഷണൻ എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദ കോഴ്സ്, ആട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ കോഴ്സ്, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക്/ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ, എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റികൾക്കായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് സെന്ററുകൾ, വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങൾ എന്നീ പദ്ധതികൾ സാങ്കേതിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് 19 എഞ്ചിനീയറിംഗ് കോളേജുകളിൽ ലോക ബാങ്കിന്റെ സഹായത്തോടെ ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (TEQIP) നടപ്പിലാക്കുകയും സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്കായി ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുകയും ചെയ്തു. കേരളത്തിലെ സർവ്വകലാശാലകളിലും, കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിലും സമ്പൂർണ്ണ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. എൽ.ബി.എസ്. സെന്ററിന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിൽ IIST (Integrated Institute of Science and Technology)

സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. കോളേജ് അധ്യാപകരുടെ പരിശീലനത്തിനായി ഒരു ഫാക്കൽറ്റി ട്രെയിനിംഗ് അക്കാദമി സ്ഥാപിക്കാനും സംസ്ഥാനത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആഗോള വിദ്യാഭ്യാസ സംഗമം നടത്താനും ദുബായ് അക്കാദമിക് സിറ്റി മാതൃകയിൽ സംസ്ഥാനത്ത് ഒരു അക്കാദമിക് സിറ്റി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അധിക തൊഴിൽ നൈപുണ്യ പദ്ധതി (ASAP), വാക്ക് വിത്ത് എ സ്കോളർ പദ്ധതി, അദ്ധ്യാപക പരിശീലന പദ്ധതി (FLAIR) എന്നിവ ആരംഭിച്ചിട്ടുണ്ട്. സർക്കാർ മേഖലയിൽ 18 ആർട്സ് ആന്റ് സയൻസ് കോളേജുകളും 4 എയ്ഡഡ് കോളേജുകളും ആരംഭിക്കുകയും പുതിയ കോഴ്സുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി തെരഞ്ഞെടുത്ത പത്ത് സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുവദിച്ച ഐ.ഐ.ടി.യുടെ പ്രവർത്തനം അടുത്ത അദ്ധ്യയന വർഷംതന്നെ പാലക്കാട് ജില്ലയിൽ ആരംഭിക്കുന്നതാണ്. വിദ്യാഭ്യാസ രംഗത്തെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർവ്വകലാശാലകൾ, കോളേജ് വിദ്യാഭ്യാസവകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ ഇ-ഗവേണൻസ് പദ്ധതി

നടപ്പിലാക്കിവരുന്നു. ഓട്ടോമേഷൻ ടെക്നോളജിയിൽ CET-യെയും ഗവൺമെന്റ് പോളിടെക്നിക്, കളമശ്ശേരിയെയും മികവിന്റെ കേന്ദ്രമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്നിവയെ QIP സെന്ററുകളായി AICTE അംഗീകരിക്കുകയും കാസർഗോഡ്, പട്ടാമ്പി, പാലക്കാട് വിക്ടോറിയ, തലശ്ശേരി ബ്രണ്ണൻ എന്നീ ഗവൺമെന്റ് കോളേജുകൾക്ക് 'NAAC'എ ഗ്രേഡ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. അഞ്ച് വർഷം കൊണ്ട് മൂന്നു ലക്ഷം കുട്ടികളെ തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഹയർ സെക്കന്ററി സ്കൂളുകളിലും കോളേജുകളിലും തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. മണ്ഡലം അടിസ്ഥാനത്തിൽ സ്കിൽ പാർക്കുകൾ ആരംഭിക്കുന്നതിനായി 600 കോടിയോളം രൂപയുടെ ധനസഹായം എ.ഡി.ബി.യിൽ നിന്നും ലഭിക്കുന്നതാണ്. വിവിധ റിപ്പോർട്ടുകളുടെ പ്രധാന വശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കുവാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനും യു.ജി.സി. നിശ്ചയിച്ചിട്ടുള്ള ശമ്പളം കോൺട്രാക്ട് ലക്ച്ചറർമാർക്കടക്കം ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടി

സ്വീകരിക്കുന്നതാണ്. അടുത്ത അദ്ധ്യയന വർഷം മുതൽ ഏകീകൃത അക്കാഡമിക് കലണ്ടറുണ്ടാക്കാനുള്ള നിർദ്ദേശം വൈസ് ചാൻസിലർമാർക്ക് നൽകിയിട്ടുണ്ട്. 13 ഭാഷകൾ പഠിക്കുന്നതിനുള്ള സൗകര്യമൊരുക്കിക്കൊണ്ട് മലപ്പുറം ജില്ലയിൽ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി ആരംഭിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ നിറുത്തലാക്കുന്നതുമായി ബന്ധപ്പെട്ട് യോഗം വിളിച്ചുചേർക്കുകയോ തീരുമാനം കൈക്കൊള്ളുകയോ ചെയ്തിട്ടില്ലെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4595 മുതൽ 4923 വരെയുള്ള ചോദ്യങ്ങളിൽ 63 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)